# പാവപ്പെട്ടവർക്ക് ഔഷധങ്ങൾ നിഷേധിക്കപ്പെടുന്നു

സോമേശ്വർ സിംഹ്    (വിവ. ടി.ഐ. ലാല)

അവശ്യ മരുന്നുകൾക്ക് തെക്കൻ രാജ്യങ്ങൾ നിർബന്ധിത ലൈസൻസ് കൊടുക്കുന്നതിനെതിരെയുള്ള യു.എസ്. സർക്കാരിന്റേയും യു.എസിലെ ഫാർമസ്യൂട്ടിക്കൽ വ്യവസായലോബിയുടേയും കരുനീക്കങ്ങൾ പാവങ്ങൾക്ക് വിനയാവുന്നു. എയ്ഡ്സ് രോഗത്തിനെതിരെയുള്ള മരുന്നുകൾക്കാണ് കൂടുതലും ഭീഷണി. തായ്‌ലണ്ടിലേയും ദക്ഷിണാഫ്രിക്കയിലേയും എയ്ഡ്സ് രോഗബാധിതരുടെ താല്പര്യങ്ങൾക്കു വിരുദ്ധമായി യു.എസ്. ഫാർമസ്യൂട്ടിക്കൽ കമ്പനികൾ ഈ രാജ്യങ്ങളുടെ മേൽ നടത്തിയ സമ്മർദ്ദങ്ങളെപ്പറ്റി 'കോർണർ ഹൗസ്' എന്ന പ്രസിദ്ധീകരണത്തിൽ വന്ന ലേഖനത്തിലാണ് ഇതുസംബന്ധിച്ച വിവരങ്ങളുള്ളത്.

നിർബന്ധിത ലൈസൻസിംഗ് നിയമസാധുത ഉള്ളതാണ്. എന്നാൽ ഇതിനു പിന്നിലെ രാഷ്ട്രീയ പ്രശ്നങ്ങളാണ് വികസ്വര രാഷ്ട്രങ്ങളെ അലട്ടുന്നത്. യു.എസ്. സർക്കാരിന്റെ താല്പര്യങ്ങൾക്കു വിരുദ്ധമായി തങ്ങളുടെ നിയമപരമായ അവകാശങ്ങൾക്കനുസരിച്ച് പ്രവർത്തിച്ചാൽ സാമ്പത്തിക ഉപരോധം ഏർപ്പെടുത്തുമോ എന്നാണവരുടെ പേടി.


എയ്ഡ്സ് രോഗനിരക്ക് യു.എസിലും പടിഞ്ഞാറൻ യൂറോപ്പിലും താരതമ്യേന താഴ്ന്നിരിക്കുന്നതുകൊണ്ട് എയ്ഡ്സ് രോഗവിരുദ്ധ ഉല്പന്നങ്ങളുടെ വിപണി തെക്കൻ രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കാനുള്ള ഒരുക്കത്തിലാണ് ഫാർമസ്യൂട്ടിക്കൽ/ ബയോടെക് കമ്പനികൾ. ലോകത്തിൽ ആകെയുള്ള 33 ദശലക്ഷം എയ്ഡ്സ് രോഗികളിൽ ഏതാണ്ട് 22 ദശലക്ഷം പേരും സബ്- സഹാറൻ ആഫ്രിക്കയിലാണ്. ഇവരിലധികം പേരും 15 നും 49 നുമിടക്ക് പ്രായമുള്ളവരാണ്. എന്നിട്ടും ഒരു ശതമാനം എയിഡ്സ് വിരുദ്ധ മരുന്നുകൾ മാത്രമെ ഇവിടെ വിറ്റഴിക്കുന്നുള്ളൂ. ഏഷ്യയിൽ ഏതാണ്ട് 60 ലക്ഷം എയ്ഡ്സ് രോഗികൾ ഉള്ളതായാണ് കണക്കാക്കപ്പെടുന്നത്.

എച്ച്.ഐ.വി. വൈറസുകൾ ശരീരത്തിനുള്ളിൽവെച്ച് പെറ്റുപെരുകുന്നതു തടയുവാൻ കഴിയുന്ന രണ്ടുമൂന്നു മരുന്നുകൾ യു.എസ്. ഫാർമസ്യൂട്ടിക്കൽ കമ്പനികളുടെ കൈവശമുണ്ട്. എച്ച്.ഐ.വി. പോസിറ്റീവായിട്ടുള്ള മനുഷ്യരെ മുഴുവൻ എയ്ഡ്സ് രോഗികളാവുന്നതിൽ നിന്നും ഈ മരുന്നുകൾക്ക് രക്ഷിക്കുവാൻ കഴിഞ്ഞേക്കും. 3 ബില്യൺ ഡോളറാണ് ഈ മരുന്നുകളുടെ വിൽപ്പന. യു.എസ്. സർക്കാർ പൊതുപണമുപയോഗിച്ച് വികസിപ്പിച്ചെടുത്ത ഈ മരുന്നുകൾ ഉല്പാദിപ്പിക്കാനും വിൽപന നടത്താനുമുള്ള കുത്തകാവകാശം ചില യു.എസ്. ഫാർമസ്യൂട്ടിക്കൽ കുത്തകകമ്പനികളെ ഏൽപ്പിക്കാറാണു പതിവ്. ഉദാഹരണമായി, യു.എസ്. സർക്കാരിന്റെ നേതൃത്വത്തിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് പണം മുടക്കി ഗവേഷണം നടത്തി കണ്ടുപിടിച്ച് പേറ്റന്റു സമ്പാദിച്ച, ടിപ്പിൾ തെറാപ്പികൾക്കായി ഉപയോഗിച്ചുവരുന്ന ഡിഡനോസൈൻ (DDL) എന്ന മരുന്നിന്റെ കുത്തകാവകാശം മൊത്തം വിൽപനയുടെ 6% റോയൽട്ടിക്ക് ബ്രിസ്റ്റോൾ - മേയേഴ്സ് സ്ക്വിബ് എന്ന കമ്പനിക്കു വിട്ടുകൊടുത്തിരിക്കുകയാണ്. ഈ മരുന്നുകകൾക്ക് ഒരു രോഗിക്ക് ഒരു മാസത്തേക്ക് 1000 ഡോളർ വില വരും. ദരിദ്ര രാജ്യങ്ങൾക്ക് താങ്ങാവുന്നതിലുമേറെയാണിത്.

ഉയർന്ന വിലയെന്ന കടമ്പ മറികടക്കുവാനുള്ള ഏക പോംവഴി നിർബന്ധിത ലൈസൻസിംഗ് മാത്രമാണ്. പേറ്റന്റ് രാജിൽ സർവ്വസാധാരണയായുള്ള ഒരേർപ്പാടാണ് നിർബന്ധിത ലൈസൻസിംഗ് എയ്ഡ്സ് അടിയന്തിര ആരോഗ്യ ഭീഷണിയായിട്ടുള്ള രാജ്യങ്ങൾ ബ്രാന്റ് പേരുകളിലല്ലാതുള്ള പേറ്റന്റ് മരുന്നുകൾ നിർബന്ധിത ലൈസൻസിംഗ് വഴി ഉല്പാദിപ്പിക്കുകയാണെങ്കിൽ 50 മുതൽ 90 ശതമാനം വരെ വില കറച്ചെ ആവശ്യ മരുന്നുകൾക്ക വേണ്ടിവരൂ.

ലോകവ്യാപാര സംഘടനയുടെ വ്യാപാരസംബന്ധമായ ബൗദ്ധിക സ്വത്താവകാശ ഉടമ്പടിയിലെ ആർട്ടിക്കിൾ 31 പ്രകാരം ദേശീയ ആരോഗ്യം സംരക്ഷിക്കാനായി നിർബന്ധ ലൈസൻസിംഗ് ഏർപ്പെടുത്തുവാനുള്ള അവകാശം അംഗരാജ്യങ്ങൾക്കുണ്ട്. ജനങ്ങളുടെ ആരോഗ്യ സുരക്ഷയിൽ വേവലാതിയുള്ള ദേശീയ സർക്കാരുകൾ പേറ്റന്റ് ഉടമകളുടെ അംഗീകാരമില്ലാതെ രണ്ടോ മൂന്നോ നാടൻ കമ്പനികൾക്ക് പേറ്റൻറും കോപ്പിറൈറ്റും ഉപയോഗിക്കുന്നതിനുള്ള ലൈസൻസ് കൊടുക്കണം. വിൽപനയുടെ 1-10 % നഷ്ടപരിഹാരം പേറ്റന്റ് ഉടമകൾക്ക് കൊടുക്കുകയുമാകാം.

പൊതുജനതാല്പര്യ പ്രകാരവും മൽസരാധിഷ്ഠിത വ്യാപാരം പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടിയും യു.എസ്. സർക്കാർ തന്നെ പലപ്പോഴും നിർബന്ധിത ലൈസൻസ് കൊടുക്കാറുണ്ട്. മൽസരവിരുദ്ധ രീതികളെ സംബന്ധിച്ച ചില കേസുകളിൽ ഇടപെട്ടുകൊണ്ട് കോടതികൾ തന്നെ ചില സന്ദർഭങ്ങളിൽ നിർബന്ധിത ലൈസൻസ് കൊടുക്കാനായി ആവശ്യപ്പെടാറുണ്ട്. ഇത്തരം അവസരങ്ങളിൽ പേറ്റന്റ് ഉടമകൾക്ക് നഷ്ടപരിഹാരം പോലും ലഭിക്കാറില്ല.



കിഴക്കനേഷ്യൻ സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് യു.എസിലെ എയിഡ്സ് മരുന്നുകളുടെ വില താങ്ങാനാവാതെ വന്നപ്പോൾ, തായ്‌ലണ്ടിലെ ആരോഗ്യഗ്രൂപ്പുകൾ തായ്‌ലണ്ട്, യു.എസ് സർക്കാരുകളോട് തായ്‌ലണ്ടിലെ നാടൻ മരുന്നു കമ്പനികൾക്ക് ഇത്തരം മരുന്നുകളുൽപ്പാദിപ്പിക്കുവാനുള്ള ലൈസൻസ് കൊടുക്കാനാവശ്യപ്പെടുകയുണ്ടായി. ഇങ്ങിനെ ചെയ്തിരുന്നെങ്കിൽ ഒട്ടേറെ മനുഷ്യരെ മരണത്തിൽ നിന്നു രക്ഷിക്കാമായിരുന്നുവെന്നു മാത്രമല്ല, നിർബന്ധിത ലൈസൻസ് അനുവദിക്കുന്നതിനുള്ള നഷ്ടപരിഹാരം എന്ന നിലയിൽ പേറ്റന്റ് ഉടമകൾക്ക് വൻതുക ലഭിക്കുകയും ചെയ്യുമെന്നു. ഇതിനുപകരം, നിർബന്ധിത ലൈസൻസിംഗ് നിയമവിരുദ്ധമാക്കുന്ന തരത്തിൽ പേറ്റന്റ് വ്യാപാരനിയമത്തിൽ ഭേദഗതി വരുത്താനും, അങ്ങിനെ ചെയ്യില്ലെങ്കിൽ യു.എസിലേക്കുള്ള തായ്‌ലണ്ടിന്റെ ആഭരണ കയറ്റുമതിയുടെ കഥ കഴിക്കുമെന്നും ഭീഷണിപ്പെടുത്തുകയാണുണ്ടായത്. വിദേശനാണ്യം ലഭിക്കുവാനുള്ള തായ്‌ലണ്ടിന്റെ പ്രധാന വഴിയാണ് ആഭരണ കയറ്റുമതി. യു.എസ്. സർക്കാരിന് ഡിഡനോസൈൻ (DDL) എന്ന മരുന്നിന് തായ്‌ലണ്ടിൽ നിയമപ്രകാരം പേറ്റന്റ് അവകാശം ഇല്ലെന്നുള്ളതാണ് ഏറ്റവും വിചിത്രമായ സംഗതി.

യു.എസ്. ഫാർമസ്യൂട്ടിക്കൽ ലോബിയുടെ പ്രേരണയാൽ ദക്ഷിണാഫ്രിക്കയിലും ഇതിനു സമാനമായ കുതന്ത്രങ്ങൾ യു.എസ്.സർക്കാർ പ്രയോഗിക്കുകയുണ്ടായി. ദക്ഷിണാഫ്രിക്കയിലെ 16% ആളുകൾ അതായത് 30 ലക്ഷം പേർ എച്ച്.ഐ.വി. പോസറ്റീവാണ്. ദരിദ്രമേഖലകളിലെ നാലിലൊരു ഭാഗം ഗർഭിണികളും എച്ച്.ഐ.വി. ബാധിതരാണ്.

ഒരു ദക്ഷിണാഫ്രിക്കൻ തൊഴിലാളിയുടെ ശരാശരി മാസ ശമ്പളത്തിന്റെ 40ശതമാനത്തോളം ചെലവാക്കിയാലേ എയ്ഡ്സിനെതിരെയുള്ള അമേരിക്കൻ മരുന്നുകൾ വാങ്ങാനാകൂ. 1997 ൽ എയ്ഡ്സ് രോഗികൾക്ക് ആശ്വാസം പകരുന്നതിനായി ദക്ഷിണാഫ്രിക്ക പേറ്റന്റ് നിയമം ഭേദഗതി ചെയ്തു. ഇതേതുടർന്ന്നാടൻ കമ്പനികൾക്ക് എയ്ഡ്സ് മരുന്നുകൾ ഉല്പാദിപ്പിക്കാമെന്ന നില വന്നു. എന്നാൽ ഇതിനെതിരെ 40 ൽ പരം കുത്തക മരുന്നുകമ്പനികൾ കേസ് കൊടുക്കുക കാരണം ഈ നിയമം പ്രാബല്യത്തിൽ വരാൻ കാലതാമസമുണ്ടായി. ഇതിനിടെ യു.എസ്. സർക്കാർ ദക്ഷിണാഫ്രിക്കക്കെതിരെ പലതരം സാമ്പത്തിക ഉപരോധങ്ങൾ അടിച്ചേൽപ്പിക്കുകയും ചിലയിനം കയറ്റുമതികൾക്ക് അനുവദിച്ചിരുന്ന ചുങ്കം ഇളവുകൾ റദ്ദു ചെയ്യുകയുമുണ്ടായി. വ്യാപാര താൽപര്യങ്ങൾ സംരക്ഷിക്കാനുള്ള യു.എസ്. സർക്കാരിന്റെ കുഢനീക്കങ്ങൾ മനുഷ്യജീവനു തന്നെ ഭീഷണിയായിത്തീരുകയാണ്.

## പുസ്തകങ്ങൾ

വിവിധ വിഷയങ്ങളെക്കുറിച്ചുള്ള പുസ്തകങ്ങളും ലഘുലേഖകളും പരിചയപ്പെടുത്തുന്നതിന് ആയതിന്റെ 2 കോപ്പികൾ വീതം ഗ്രന്ഥകർത്താക്കളും പ്രസാധകരും അയച്ചു തരിക.

കേരളീയം, തൃശ്ശൂർ-4.